I.ഇ.ബി. XIIകേരള നിയമസഭ/XI-19

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂലായ് 17, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) സംസ്ഥാന സിവിൽ സർവ്വീസ് കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി

ശ്രീ. ടി. എൻ. പ്രതാപൻ : 2009 മേയ് മാസം 31 വരെ 125202 ഫയലുകൾ സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്നെങ്കിൽ വില്ലേജ്-താലൂക്ക് ഓഫീസുകളിലും കളക്ടറേറ്റുകളിലും വിവിധ വകുപ്പുകളിലും നിരവധി ഫയലുകൾ കെട്ടിക്കിടക്കുകയാണ്. സിവിൽ സർവ്വീസ് കാലോചിതമായി പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് 1957, 1965, 1997 എന്നീ വർഷങ്ങളിൽ നിയമിച്ച ഭരണപരിഷ്ക്കാര കമ്മീഷനുകളുടെ റിപ്പോർട്ടുകളിലെ ചില നിർദ്ദേശങ്ങൾ ഗവൺമെന്റ് നടപ്പാക്കിയെങ്കിലും പ്രധാനപ്പെട്ട പലതും ഇനിയും നടപ്പാക്കിയിട്ടില്ല. ഒരു ഫയലിൽ അന്തിമ തീരുമാനം ഉണ്ടാകുന്നതിന് വിവിധ തലങ്ങളിലൂടെ പോകേണ്ടതുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളെ

അടിസ്ഥാനമാക്കിയാണ് സിവിൽ സർവ്വീസ് രംഗത്തെ പ്രവർത്തനം ഇപ്പോഴും മുന്നോട്ടുപോകുന്നത്. ആധുനിക കാലഘട്ടത്തിനനുസരിച്ച് വർക്ക് സ്റ്റഡി നടത്തി ഈ രംഗം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ തട്ടുകൾ കുറയ്ക്കണം. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റുവരെയുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ സ്പെഷ്യൽ അദാലത്തുകൾ സംഘടിപ്പിക്കണം. ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിന് ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് സംവിധാനമുണ്ടാക്കുകയും ഹാജർനില കർശനമാക്കുകയും ചെയ്യണം. ജോലി സംബന്ധിച്ച വീക്കിലി സ്റ്റേറ്റുമെന്റ് തയ്യാറാക്കുന്ന കാര്യം ജീവനക്കാരുമായി ആലോചിച്ച് നടപ്പാക്കണം സിവിൽ സർവ്വീസ് ാസ്ത്രീയമായി പരിഷ്ക്കരിച്ച് പൊതുജനങ്ങൾ ക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ:തോമസ് ഐസക്</u>) : ഭരണ പരിഷ്ക്കാര കമ്മീഷൻ റിപ്പോർട്ടുകളിലെ ചില നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണം പൂർണ്ണമായും ഇൻസ്റ്റിറ്റ്യൂഷണലൈസ് ചെയ്യാൻ സാധിച്ചിട്ടില്ല. താൽക്കാലികമായ ഉത്തരവുകളുടേയും മറ്റും അടിസ്ഥാനത്തിലാണ് ഇപ്പോഴും നടക്കുന്നത്. പുതിയ സമ്പ്രദായ ത്തിനനുസരിച്ച് മാനുവലുകളിലും ചട്ടങ്ങളിലും ഒക്കെ സമൂലമായ മാറ്റം വരുത്തേണ്ടതുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം കോ-ഓർഡിനേറ്റ് ചെയ്യാൻ ഇ-ഗവേണൻസ് ഏർപ്പെടുത്തിയേ മതിയാകൂ. ഉദ്യോഗസ്ഥ പുനർവിന്യാസം ത്വരിതഗതിയിൽ നടപ്പിലാക്കേണ്ടതുണ്ട്. കീഴ്ത്തട്ടിൽ വന്ന

മാറ്റത്തിനുസൃതമായി മേൽത്തട്ടിൽ മാറ്റം വന്നിട്ടില്ല. ഡിപ്പാർട്ടുമെന്റ് തലവന്മാർക്ക് കൂടുതൽ അധികാരങ്ങൾ നൽകികൊണ്ട് ജില്ലാ അടിസ്ഥാനത്തിലുള്ള ഏകോപനം, പരിശീലനം തുടങ്ങിയ കാര്യങ്ങൾ വളരെ പ്രധാനമായി നടപ്പാക്കേണ്ടതാണ്. സ്റ്റേറ്റ് സിവിൽ സർവ്വീസിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രസ്തുത കമ്മീഷൻ റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഇതുവരെ നയപരമായ തീരുമാനം എടുക്കാൻ സാധിച്ചിട്ടില്ല. സർവ്വീസ് ഡെലിവറി സംവിധാനം നടപ്പാക്കിയെങ്കിലും അത് ഫലപ്രദമായി ജനങ്ങളിലെത്തുന്നില്ല. നടപടിക്രമങ്ങൾ ലഘൂകരിക്കൽ, കാര്യക്ഷമത വർദ്ധിപ്പിക്കൽ, വർക്ക് സ്റ്റഡി പ്രാവർത്തികമാക്കൽ, ഹാജർ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾ സർക്കാരിന്റെ നിരീക്ഷണത്തിലാണ്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് സമയബന്ധിത നടപടി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്. പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ, വിവരാവകാശം നടപ്പാക്കൽ, പരാതി പരിഹാര സെൽ രൂപീകരിക്കൽ, അന്വേഷണ കൗണ്ടർ സ്ഥാപിക്കൽ തുടങ്ങി ചില കാര്യങ്ങൾ ഇതിനകം ഗവൺമെന്റ് നടപ്പാക്കിത്തുടങ്ങിയിട്ടുണ്ട്. ഭരണ പരിഷ്ക്കാര കമ്മീഷന്റെ നിർദ്ദേശങ്ങൾ ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്ത് നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. സർക്കാർ ഓഫീസുകളിൽ ഫയലുകൾ കൃത്യസമയത്ത് മോണിറ്റർ ചെയ്യുന്നതിനായി എൻ.ഐ.സി.യുടെ സഹായത്തോടെ ഐഡിയാസ് എന്ന സോഫ്റ്റുവെയർ കൊണ്ടുവരാനുള്ള ശ്രമം നടക്കുകയാണ്.

(2) സർവ്വീസ് പെൻഷൻകാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. കെ. പ്രേംനാഥ് : സർവ്വീസ് പെൻഷൻകാർക്ക് അഞ്ച് വർഷത്തിലൊരിക്കൽ പെൻഷൻ പരിഷ്ക്കരണം നടപ്പാക്കാൻ നടപടി

ഉണ്ടാകണം. 2002-ൽ നടപ്പാക്കേണ്ട പെൻഷൻ പരിഷ്ക്കരണം 2004-05-ൽ നടപ്പാക്കിയതുമൂലം മുപ്പത്തയ്യായിരത്തോളം പേരുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടു. പെൻഷൻകാർക്ക് പ്രത്യേക ചികിൽസാ പദ്ധതി നടപ്പാക്കണമെന്നത് അവരുടെ ദീർഘകാലാവശ്യമാണ്. ഇവർക്ക് ഒരു മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനായി ധനകാര്യ വകുപ്പ് സെക്രട്ടറി പെൻഷൻകാരുടെ അസോസിയേഷൻ പ്രതിനിധികളുമായി ചർച്ച ചെയ്തിരുന്നു. പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയും ക്ഷേമ പദ്ധതിയും അടിയന്തിരമായി നടപ്പാക്കണം. ഒരു മാസത്തെ പെൻഷന് തുല്യമായ തുക ഉൽസവ ബത്തയായി പെൻഷൻകാർക്കും അനുവദിക്കുന്നതിന് നയപരമായ തീരുമാനമെടുക്കണം. ന്യൂ പെൻഷൻ സ്കീം മുൻകാല പ്രാബല്യത്തോടെ നടപ്പാക്കാൻ നിയമം കൊണ്ടുവരണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ:തോമസ് ഐസക്)</u> : പെൻഷൻകാരുടെ സംഘടന ഉന്നയിച്ച പല ആവശ്യങ്ങളും സർക്കാർ പരിഗണിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാർക്ക് 1-7-2004 മുതൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയതിനെത്തുടർന്ന് പെൻഷൻകാർക്കും പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കി. 2009 മാർച്ച് ആദ്യ ആഴ്ച വരെ ലഭിച്ച പെൻഷൻ അപേക്ഷകളിൽ 31-3-2009-നകം പരിഷ്ക്കരണം പൂർത്തിയാക്കുമെന്നാണ് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുള്ളത്. പെൻഷൻ അദാലത്ത് സംഘടിപ്പിച്ച് എത്രയുംപെട്ടെന്ന് അത് പൂർത്തിയാക്കുന്നതിന് അക്കൗണ്ടന്റ് ജനറൽ നടപടി സ്വീകരിക്കും. ഉൽസവ ബത്ത ഒരു മാസത്തെ പെൻഷന് തുല്യമാക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. ഉൽസവബത്ത നൽകുന്ന സമയത്ത് ഇത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുക്കും. പെൻഷൻ പരിഷ്ക്കരണ ഉത്തരവ് പ്രകാരം പെൻഷൻകാർക്ക് 100

രൂപ മെഡിക്കൽ അലവൻസിന് അർഹതയുണ്ട്. ഈ 100 രൂപ പ്രീമിയമായി കണക്കാക്കി പെൻഷനേഴ്സ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചുവെങ്കിലും വൻ പ്രീമിയം ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെടുന്നതുകൊണ്ട് അത് സംബന്ധിച്ച ചർച്ച ഇപ്പോഴും നടക്കുകയാണ്. ഈ വർഷം തന്നെ നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 2-3-2001-ൽ പെൻഷനേഴ്സ് വെൽഫെയർ ഫണ്ട് സ്കീമിന് രൂപം നൽകി. എല്ലാ മാസവും 40 രൂപാവീതം പെൻഷൻകാരുടെ വിഹിതമായി അടയ്ക്കാൻ വിഭാവന ചെയ്യുന്ന പ്രസ്തുത പദ്ധതിയിൽ അംഗത്വം നിർബന്ധിതമല്ലാത്തതിനാൽ ഉദ്ദേശിച്ച രീതിയിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ കീഴിൽ പെൻഷൻകാർക്കായുള്ള പ്രത്യേക സെക്ഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ചർച്ചയിലൂടെ നടപടി സ്വീകരിക്കുന്നതാണ്. . .

**സബ്മിഷൻ**

(1) <u>പകർച്ചവ്യാധികൾ</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> സംസ്ഥാനത്ത് മാരകമായ പകർച്ചവ്യാധികൾ പിടിപെട്ട് 18 ലക്ഷത്തോളം ആളുകൾ സർക്കാർ ആശുപത്രികളിൽ മാത്രം ഇപ്പോൾ ചികിൽസയിലാണ്. ഡെങ്കിപ്പനി, എലിപ്പനി, കോളറ എന്നിവമൂലം 86 ആളുകളാണ് മരണപ്പെട്ടതെങ്കിൽ ആലപ്പുഴയിൽ മാത്രം കോളറ ബാധിച്ച് 14 പേർ മരണപ്പെട്ടിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ജൂലൈ 1 മുതൽ 15 വരെയുള്ള കണക്ക് മാത്രം പരിശോധിച്ചാൽ 273,125 പേരാണ് സർക്കാരാശുപത്രിയിൽ ചികിൽസയ്ക്കായി എത്തിയിട്ടുള്ളത്. മഴ ക്കാലം വരുന്നതിനുമുമ്പ് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിൽ

സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ആരോഗ്യം, ജലസേചനം, തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ സംയുക്തമായി മുൻകരുതൽ നടപടികൾ എടുക്കേണ്ടതായിരുന്നു. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ കൊതുകുനിർമ്മാർജ്ജനത്തിന് നടപടി സ്വീകരിക്കണം. സർക്കാരാശുപത്രികളിൽ നിലവിലുള്ള ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർക്കാരിന് ലഭ്യമായ കണക്കുകൾ പരിശോധിച്ചാൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് പകർച്ചപ്പനി ഇപ്പോൾ കുറഞ്ഞിരിക്കുകയാണ്. മഴക്കാലത്ത് പകർച്ചപ്പനി വർദ്ധിക്കുന്ന സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട് മഴക്കാലമാകുന്നതിനു മുമ്പുതന്നെ ശക്തമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്. കണ്ണൂരും കോഴിക്കോട്ടും മലയോര പ്രദേശങ്ങളിലും ഇപ്പോഴും പനി വ്യാപകമായിക്കൊണ്ടിരിക്കുന്നതിനാൽ ആരോഗ്യവകുപ്പു ഡയറക്ടറുടെ നേതൃത്വത്തിൽ ഉന്നതതലസംഘം പനി ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിന്റെ ഫലമായി പനി ഏറെക്കുറെ നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. കൊതുകുനിർമ്മാർജ്ജനം ശക്തിപ്പെടുത്തുന്നതാണ്. ആകെ 22 പേർക്ക് മാത്രമാണ് കോളറ ബാധിച്ചിട്ടുള്ളത്. കോളറ കണ്ടെത്തിയ ഉടൻ ആരോഗ്യവകുപ്പ് അതിശക്തമായി ഇടപെട്ടതിനെത്തുടർന്ന് കോളറവ്യാപനം പൂർണ്ണമായും തടയാൻ സാധിച്ചിട്ടുണ്ട്. പനി ബാധിച്ച ദരിദ്രജനവിഭാഗങ്ങൾക്ക് ഒരു മാസം സൗജന്യറേഷൻ നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമായ ഡോക്ടർമാർ, നേഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ

കൂടുതലായി നിയോഗിക്കാനും മരുന്നിന്റെ കുറവ് പരിഹരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് മുൻഗണന

ശ്രീമതി പി. അയിഷാപോറ്റി: വിധവകൾക്ക് പി.എസ്.സി. നിയമനങ്ങളിൽ അർഹമായ പരിഗണനയും വയസ്സിളവും നൽകാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പി.എസ്.സി. നിയമനങ്ങളിൽ വിധവകൾക്ക് അർഹമായ പരിഗണനയും വയസ്സിളവും നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(3) പ്രവാസികൾക്ക് വോട്ടവകാശം

ശ്രീ. പി.കെ. അബ്ദുറബ്ബ്: മുഴുവൻ പ്രവാസി ഇൻഡ്യാക്കാർക്കും വോട്ടവകാശം ലഭ്യമാക്കാൻ ജനപ്രാതിനിധ്യ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്തി (ഡോ. തോമസ് ഐസക്): വോട്ടവകാശം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രവാസി സംഘടനകൾ തന്നിട്ടുള്ള നിവേദനങ്ങൾ സംബന്ധിച്ച് കേന്ദ്രസർക്കാർ ഇതുവരെ തീരുമാന മെടുത്തിട്ടില്ല. ലക്ഷക്കണക്കിന് പ്രവാസികളായ കേരളീയരെക്കൂടി ബാധിക്കുന്ന ഈ പ്രശ്നം സംസ്ഥാനഗവണ്മെന്റ് ഗൗരവമായി പരിഗണിക്കുകയും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നതാണ്.

(4) കെ.എസ്.ആർ.ടി.സി.യുടെ നിർദ്ദിഷ്ട ബസ് ടെർമിനൽ

ശ്രീ. എം.എ. വാഹീദ്: തിരുവനന്തപുരം നഗരത്തിലെ ഈഞ്ചയ്ക്കലിൽ കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര ബസ് ടെർമിനൽ സ്ഥാപിക്കാനുള്ള നടപടി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തടസ്സപ്പെട്ടിരിക്കുന്നതിനാൽ വേളി റെയിൽവേസ്റ്റേഷനോട് ചേർന്നുകിടക്കുന്ന സർക്കാർ വക ഭൂമിയിലോ വേൾഡ് മാർക്കറ്റിനുവേണ്ടി എടുത്തിട്ടിരിക്കുന്ന സ്ഥലത്തോ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 1992-ൽ തിരുവനന്തപുരത്ത് ഈഞ്ചക്കലിൽ സ്ഥാപിക്കാൻ തീരുമാനിച്ച കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര ബസ് ടെർമിനലിന്റെ പ്രവൃത്തി ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസംകൊണ്ടാണ് വൈകിയത്. 2.35 ഹെക്ടർ സ്ഥലം അക്വയർ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതിൽ 1.71 ഹെക്ടർ സ്ഥലം മാത്രമേ ഇതുവരെ അക്വയർ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ അവസാനിച്ചതിനാൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കി പണി ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(5) സാംസ്ക്കാരിക നിലയം നിർമ്മിക്കുന്നതിന് സ്ഥലം

ശ്രീ. വി.എൻ. വാസവൻ : പ്രമുഖ സ്വാതന്ത്ര്യസമരസേനാനിയും വൈക്കം സത്യാഗ്രഹിയും സാമൂഹിക-സാംസ്ക്കാരിക പ്രവർത്തകനും അധ്യാപകനുമായിരുന്ന എം.ആർ.ജി. പണിക്കരുടെ സ്മരണാർത്ഥം കോട്ടയത്ത് ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുന്നതിന് മരാമത്ത് വകുപ്പിന്റെ സ്ഥലം അനുവദിച്ചുതരണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : എം.ആർ.ജി. പണിക്കരുടെ സ്മരണാർത്ഥം കോട്ടയം നഗരത്തിൽ ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ഗവൺമെന്റ് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(6) ഏറ്റുമാനൂരിലെ ഗതാഗതക്കുരുക്ക്

ശ്രീ. തോമസ് ചാഴികാടൻ : ഏറ്റുമാനൂർ-മണർകാട് ബൈപ്പാസിന്റെ പണികൾ പൂർത്തിയാക്കിയും പഴയ എം.സി. റോഡിന്റേയും പാറോലിക്കൽ-ചെറുവാണ്ടൂർ ലിങ്ക് റോഡിന്റേയും പുനർനിർമ്മാണ പ്രവൃത്തികൾ നടത്തിയും ഏറ്റുമാനൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : പഴയ എം.സി. റോഡിന്റേയും പാറോലിക്കൽ-ചെറുവാണ്ടൂർ റോഡിന്റേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. പഴയ എം.സി. റോഡ് പൊതു മരാമത്ത് വകുപ്പിൽ നിലനിറുത്തി പണി പൂർത്തിയാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(7) കെട്ടിട നിർമ്മാണങ്ങളിലെ കാലതാമസം

ശ്രീ. കെ.വി. കുഞ്ഞിരാമൻ : സിവിൽ വർക്കിനും വൈദ്യുതീകരണത്തിനുമുള്ള ടെണ്ടർ ഒന്നിച്ചുനൽകിയും നിർമ്മാണ പ്രവർത്തനങ്ങൾ ഒരുമിച്ച് നടത്തിയും കെട്ടിട നിർമ്മാണങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) :വൈദ്യുതീകരണം നടക്കാത്തതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ പല കെട്ടിട

ങ്ങളും ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഇത് പരിഹരിക്കുന്ന തിനുവേണ്ടിയാണ് സിവിൽ വർക്കും ഇലക്ട്രിക്കൽ വർക്കും ഒരുമിച്ച് ടെണ്ടർ നടത്തി പൂർത്തിയാക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(8) മുസ്ളീം ഏകോപന സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ധർണ്ണ

ശ്രീ. പി.സി. ജോർജ് : എറണാകുളം കളക്ടറേറ്റിലെ ബോംബ് സ്ഫോടനവുമായി ബന്ധപ്പെട്ട് പരിശോധനയുടെ പേരിൽ ഈരാറ്റുപേട്ടയിൽ പോലീസ് രാത്രി വീടുകളിൽ കടന്നുകയറി ഭയപ്പെടുത്തി നിരപരാധികളെ വീട്ടിൽനിന്ന് ഇറക്കിക്കൊണ്ടുപോകുകയും പകൽ സമയങ്ങളിൽപ്പോലും ടൗണിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുകയുമാണ്. ഈരാറ്റുപേട്ട ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ നാലു വർഷത്തെ അപേക്ഷകൾ, ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പികൾ എന്നിവ റോഡിൽ അലക്ഷ്യമായി വലിച്ചെറിഞ്ഞിരിക്കുകയാണ്. ഈ രേഖകൾ തീവ്രവാദ പ്രവർത്തകർ ദുരുപയോഗം ചെയ്യാനിടയുണ്ട്. ഇതിൽ പ്രതിഷേധിച്ച് മുസ്ളീം ഏകോപന സമിതി ഇന്ന് ഈരാറ്റുപേട്ട ടൗണിൽ ധർണ്ണ നടത്തുകയാണ്. ഇക്കാര്യങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : എറണാകുളം കളക്ടറേറ്റിലെ ബോംബ് സ്ഫോടനത്തെ ഗൗരവമായി കണ്ടുകൊണ്ട് നടത്തുന്ന അന്വേഷണത്തിന്റെ ഭാഗമായി സമാന കേസുകളിലെ പ്രതികളേയും അവരുമായി ബന്ധപ്പെട്ടവരേയും കേന്ദ്രീകരിച്ചാണ് ഈരാറ്റുപേട്ടയിലും അന്വേഷണം നടത്തിവരുന്നത്.

ഏതെങ്കിലുമൊരു മതവിഭാഗത്തിൽപ്പെട്ടവരെ തീവ്രവാദികളായി കണ്ടു കൊണ്ടോ ഈരാറ്റുപേട്ടക്കാർ മുഴുവൻ തീവ്രവാദികളാണെന്ന തരത്തിലോ ഉള്ള അന്വേഷണം പാടില്ലെന്ന് പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏത് സ്ഥലത്തായാലും തീവ്രവാദ പ്രവർത്തനം നടത്തുന്നവരെ കണ്ടെത്തി നിയമ ത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈരാറ്റുപേട്ട ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ അപേക്ഷകൾ, ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റ് ചെയ്ത കോപ്പികൾ എന്നിവ റോഡിൽ അലക്ഷ്യ മായി വലിച്ചെറിഞ്ഞതു സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന തിന് കോട്ടയം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിലപ്പെട്ട രേഖകൾ തീവ്രവാദ പ്രവർത്തകർ ദുരുപയോഗം ചെയ്യാതിരിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) <u>അഗ്നിശമന രക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം</u>

<u>ശ്രീ. എം. ചന്ദ്രൻ</u> : ആലത്തൂർ താലൂക്ക് ആസ്ഥാനത്ത് വാടകക്കെട്ടിട ത്തിൽ പ്രവർത്തിച്ചുവരുന്ന അഗ്നിശമന രക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പഴയ പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽനിന്ന് ആവശ്യമായ സ്ഥലം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>) : വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ആലത്തൂർ അഗ്നിശമന രക്ഷാനിലയത്തിന് ഒരു സ്ഥിരം മന്ദിരം പണിയുന്നതിന് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തോട് ചേർന്നുള്ള പഴയ പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽനിന്ന് 50 സെന്റ് സ്ഥലം ലഭ്യമാക്കാൻ

നടപടി സ്വീകരിച്ചുവരികയാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(10) മാങ്കാംകുഴി കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ

ശ്രീ. കെ. കെ. ഷാജു: മാവേലിക്കര താലൂക്കിൽ ചാരുമൂട് കേന്ദ്രമാക്കി പുതിയ സി.ഐ. ഓഫീസും തഴക്കര, ചുനക്കര, നൂറനാട് പഞ്ചായത്തിന്റെ ചില ഭാഗങ്ങളും കൂട്ടിച്ചേർത്ത് മാങ്കാംകുഴി കേന്ദ്രമാക്കി പോലീസ് സ്റ്റേഷനും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.ഐ. ഓഫീസും പുതിയ പോലീസ് സ്റ്റേഷനുകളും വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ടെങ്കിലും പുതുതായി 5 പോലീസ് സ്റ്റേഷനുകൾ മാത്രമേ ഈ ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളൂ. ചാരുമൂട് കേന്ദ്രമാക്കി ഒരു സർക്കിൾ ഓഫീസ് വേണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ പോലീസ് സ്റ്റേഷനെ സംബന്ധിച്ച് തീരുമാനമെടുക്കുന്ന സന്ദർഭ ത്തിൽ ഇക്കാര്യം സജീവമായി പരിഗണിക്കും.

(11) അതിവേഗ കോടതികളിൽ ജഡ്ജിമാരുടെ നിയമനം

ശ്രീ. കെ. പി. മോഹനൻ: കെട്ടിക്കിടക്കുന്ന കേസ്സുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനുവേണ്ടി തലശ്ശേരി അതിവേഗ കോടതികളിൽ ആവശ്യമായ ജഡ്ജിമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ജില്ലാ കോടതികളിലും അതിവേഗ കോടതികളിലുമുള്ള ജഡ്ജിമാരുടെ ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സബോർഡിനേറ്റ്

ജുഡീഷ്യറിയിൽ 11 ജില്ലാ ജഡ്ജിമാരുടെ ഒഴിവുകൾ നിലവിലുണ്ട്. ജഡ്ജിമാരുടെ നിയമനത്തിനുള്ള പാനൽ തയ്യാറായിട്ടുണ്ട്. പാനലിന് ഹൈക്കോടതി അംഗീകാരം നൽകിയാലുടൻ നിയമന നടപടി തുടങ്ങും.

(12) ഇമ്മാനുവേൽ മാർത്തോമാ സെൻട്രൽ സ്കൂൾ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ജോസഫ്. എം. പുതുശ്ശേരി: ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമാ സെൻട്രൽ സ്കൂളിനുനേരെയുണ്ടായ ആക്രമണത്തിന് ഉത്തര വാദികളായവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമാ സെൻട്രൽ സ്കൂളിലെ പ്രിൻസിപ്പാളിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ തിരുവല്ല പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും രണ്ട് വിദ്യാർത്ഥികളെ 9-07-2009-ൽ അറസ്റ്റ് ചെയ്യുകയുമുണ്ടായി. മറ്റ് പ്രതികളെ കണ്ടെത്തുന്നതിനും കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനും പോലീസിന് നിർദ്ദേശം നൽകുന്നതാണ്.

(13) ബ്രീത്ത് അനലൈസറിന്റെ ഉപയോഗം

ശ്രീ. എ.എം. യൂസഫ്.: മദ്യപിച്ച് വാഹനമോടിക്കുന്ന പലരേയും ഒരേ ബ്രീത്ത് അനലൈസർ ഉപയോഗിച്ച് പരിശോധിക്കുന്നത് പകർച്ചവ്യാധി ഉണ്ടാക്കാനിടയാക്കുമെന്നതിനാൽ ബ്രീത്ത് അനലൈസറിന്റെ നിപ്പിൾ ഡിസ്പോസിബിളാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ശരീരത്തിലെ ആൽക്കഹോളിന്റെ അളവ് അറിയുന്നതിനായി ഉപയോഗിക്കുന്ന ബ്രീത്ത്

അനലൈസറിന്റെ അറ്റത്ത് ഡിസ്പോസിബിൾ പ്ലാസ്റ്റിക് ട്യൂബ് ഘടിപ്പിച്ച് അതിലൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനാൽ ചുണ്ടുകളും മൗത്ത്പീസും തമ്മിൽ യാതൊരുവിധ സമ്പർക്കവും ഉണ്ടാകുന്നില്ല. ഒരാൾ ഉപയോഗിച്ച ട്യൂബ് മറ്റൊരാൾക്ക് വീണ്ടും നൽകുന്നില്ല. ബ്രീത്ത് അന ലൈസർ ഉപയോഗിച്ചതിലൂടെ ഏതെങ്കിലും രോഗങ്ങൾ പകർന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(14) <u>കെ.എസ്.സി.ഡി.സി ഫാക്ടറികൾ തുറന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ബി. രാഘവൻ:</u> നിലവിലുള്ള അക്വിസിഷൻ ആക്ട് ഭേദഗതി ചെയ്തുകൊണ്ട് നെടുവത്തൂർ, എഴുകോൺ ഫാക്ടറിയടക്കം സംസ്ഥാന ത്തെ കശുവണ്ടി വികസന കോർപ്പറേഷന്റെ പരിധിയിലുള്ള മുഴുവൻ ഫാക്ട റികളും സംരക്ഷിക്കുന്നതിനും തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ പി.കെ. ഗുരുദാസൻ</u>): നെടുവത്തൂർ, എഴുകോൺ ഫാക്ടറികൾ കാഷ്യൂ കോർപ്പറേഷൻ തന്നെ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നിയമജ്ഞരുമായി ചർച്ച ചെയ്ത് ധാരണയായി ട്ടുണ്ടെങ്കിലും അന്തിമ തീരുമാനമായിട്ടില്ല. ഉടമകൾക്ക് വിട്ടുകൊടുക്കാൻ കോടതി ഉത്തരവിട്ട ഫാക്ടറികൾ എങ്ങനെ നിലനിർത്താൻ കഴിയു മെന്നുള്ളത് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. കാഷ്യൂ കോർപ്പറേഷനെ സംരക്ഷിച്ച് മാതൃകാ സ്ഥാപനമായി ശക്തിപ്പെടുത്തുന്നതിനും തൊഴിലാളി കൾക്ക് രണ്ടര വർഷത്തെ ഗ്രാറ്റ്യുവിറ്റി ഉടൻ കൊടുക്കുന്നതിനുമുള്ള നടപടി കൾ സ്വീകരിക്കുന്നതാണ്.

(15) <u>സെക്യൂരിറ്റി ജോലിക്കാർക്ക് ക്ഷേമപദ്ധതി</u>

<u>ശ്രീ. പള്ളിപ്രം ബാലൻ:</u> കേരളത്തിലെ വിവിധ ഏജൻസികൾ മുഖേനയും അല്ലാതെയും വിവിധ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി ജോലി ചെയ്യുന്നവർക്ക് തൊഴിൽ സുരക്ഷിതത്വം, മിനിമം കൂലി, ക്ഷേമനിധി ആനുകൂല്യം എന്നിവ ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ പി.കെ. ഗുരുദാസൻ</u>): കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന സെക്യൂരിറ്റി ജീവനക്കാരെ സംബന്ധിച്ച വിവരം സ്ഥാപനത്തിന് ബാധകമായിട്ടുള്ള തൊഴിൽ നിയമമനുസരിച്ച് രേഖപ്പെടുത്താനും അവർക്കുള്ള ആനുകൂല്യം നൽകാനും ഒരു സ്ഥാപനത്തിൽ പണിയെടുക്കുന്ന തൊഴിലാളിയെ മറ്റേതെങ്കിലും സ്ഥാപനമാണ് നൽകിയിട്ടുള്ളതെങ്കിൽ പ്രസ്തുത കരാറുകാരൻ മുഖേന തൊഴിലാളിക്ക് നിയമപരമായ അവകാശം ഉറപ്പാക്കാനും സ്ഥാപനത്തിന്റെ ഉടമ ബാധ്യസ്ഥനാണ്. ഇത് അംഗീകരിക്കാത്ത തൊഴിലുടമയുടേയോ കരാറുകാരന്റേയോ പേരിൽ നിയമപരമായ നടപടികൾ സ്വീകരിച്ചുവരികയാണ്. സെക്യൂരിറ്റി ജീവനക്കാരെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(16) <u>അംഗൻവാടി ജീവനക്കാരുടെ നിയമനം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാരെ സെലക്ട് ചെയ്യുന്ന കമ്മിറ്റിയിൽ ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അംഗൻവാടി ജീവനക്കാരെ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ എം.എൽ.എ.മാർ പാടില്ലെന്നുള്ള കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ചാണ് സെലക്ഷൻ കമ്മിറ്റിയിൽ നിന്നും എം.എൽ.എ.-മാരെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് 18-06-08-ൽ പുറപ്പെടുവിച്ചത്. പ്രസ്തുത വിഷയം ഒന്നുകൂടി കൂട്ടായി ആലോചിക്കുന്നതിന് ഗവൺമെന്റിന് വൈമനസ്യമില്ല.

(17) ബാലരാമപുരം സ്റ്റേഷനിൽ എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ്

ശ്രീ. എൻ. ശക്തൻ: ബാലരാമപുരം വഴി കടന്നുപോകുന്ന നാല് എക്സ്പ്രസ് ട്രെയിനുകൾക്കും പുതുതായി അനുവദിച്ച രണ്ട് ട്രെയിനുകൾക്കും ബാലരാമപുരത്ത് സ്റ്റോപ്പ് അനുവദിക്കാനും ദീർഘദൂര ട്രെയിനുകളുടെ വേളിയിൽ അവസാനിപ്പിക്കുന്ന സർവ്വീസ് നേമം വരെ നീട്ടുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബാലരാമപുരം സ്റ്റേഷനിൽ ഇപ്പോൾ പാസഞ്ചർ ട്രെയിനുകൾക്കു മാത്രമേ സ്റ്റോപ്പ് അനുവദിച്ചിട്ടുള്ളൂ. പ്രസ്തുത സ്റ്റേഷനിൽ എക്സ്പ്രസ്സ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യം കേന്ദ്ര റയിൽവേ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് വീണ്ടും ആവശ്യപ്പെടാം. മെയിൻ സ്റ്റേഷനായിട്ടുള്ള ട്രിവാൻഡ്രം സെൻട്രൽ സ്റ്റേഷനിൽ ഒരു വികസനവും നടക്കുന്നില്ല, പുതിയ ട്രെയിനുകൾ അനുവദിച്ചാൽ അവിടേയ്ക്ക് വരാൻതന്നെ ബുദ്ധിമുട്ടാണെന്നുള്ളത് കണക്കിലെടുത്ത്

നേമത്ത് റെയിൽവേയ്ക്കുള്ള 50 ഏക്കർ സ്ഥലം വികസിപ്പിച്ച് സർവ്വീസുകൾ തുടങ്ങാൻ പര്യാപ്തമാക്കണമെന്ന ആവശ്യവും ശക്തമായി ഉന്നയിക്കുന്നതാണ്.

(18) ഹിൽ പാലസിന്റെ പുനരുദ്ധാരണം

ശ്രീ. എം.ജെ. ജേക്കബ്: പിറവം നിയോജകമണ്ഡലത്തിലെ കൊച്ചി രാജാക്കന്മാരുടെ ആസ്ഥാനമായിരുന്ന ഹിൽ പാലസിന്റെ പുനരുദ്ധാരണ പണികൾ അടിയന്തിരമായി ചെയ്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 12-ാം ധനകാര്യ കമ്മീഷൻ 7.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രധാന സംരക്ഷണപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആഗസ്റ്റ് 31-നകം പണികൾ തീർത്ത് മ്യൂസിയം സന്ദർശകർക്കായി തുറന്നുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. ബൃഹത്തായ ഈ സമുച്ചയത്തിൽ മറ്റ് സംരക്ഷണ പണികൾ നടത്തുന്നതിന് ടെൻഡർ നടപടിയായിട്ടുണ്ട്. പുരാവസ്തുമൂല്യവും തനിമയും നിലനിർത്തി അതീവ ജാഗ്രതയോടെ ചെയ്യേണ്ട ജോലിയായതിനാലാണ് പൂർത്തിയാക്കാൻ കൂടുതൽ സമയമെടുക്കുന്നത്. ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(19) <u>ജലസംഭരണികൾ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നിയമനിർമ്മാണം</u>

<u>ശ്രീ. എം. മുരളി</u>: ജലവൈദ്യുത പദ്ധതികളുടെ ഭാഗമായുള്ള ജലസംഭരണികളും സ്വത്തുവകകളും സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>: 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ട് നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ വൈദ്യുതി ബോർഡിനെ കമ്പനിയോ കമ്പനികളോ ആയി പുന:സംഘടിപ്പിക്കണമെന്നാണ് നിബന്ധന. കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ പുന:സംഘടനയുടെ കാലാവധി നീട്ടാവുന്നതാണ്.. ഇതനുസരിച്ച് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരും ഈ സർക്കാരും നാല് തവണവീതം പുന:സംഘടനയുടെ കാലാവധി നീട്ടി വാങ്ങി. 2008 സെപ്റ്റംബർ ഒൻപതിന് അവസാനത്തെ കാലാവധിയും തീരുകയും വൈദ്യുതി മേഖല പ്രതിസന്ധിയിലാകുകയും ചെയ്തു. വൈദ്യുതി ബോർഡിനെ വിഭജിച്ച് കമ്പനികളാക്കാമെന്നും ട്രാൻസ്മിഷൻ മേഖല പ്രത്യേക കമ്പനിയാക്കി മാറ്റാമെന്നും സമ്മതിച്ചാൽ മാത്രമേ ഇനിയും കാലാവധി നീട്ടിത്തരാനാകൂ എന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചത്. സംസ്ഥാന സർക്കാരിന്റെ കടുത്ത സമ്മർദ്ദത്തെത്തുടർന്ന് 15 ദിവസം കൂടി കാലാവധി നീട്ടിത്തരാൻ കേന്ദ്രസർക്കാർ തയ്യാറായെങ്കിലും 2008 സെപ്റ്റംബർ 24-ന് ആ കാലാവധിയും കഴിഞ്ഞ സാഹചര്യത്തിൽ വൈദ്യുതി ബോർഡിനെ വിഭജിക്കാതെ തന്നെ ഒറ്റ കമ്പനിയായി പൊതുമേഖലയിൽ സംരക്ഷിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. നിലവിലുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും സാമ്പത്തിക ആനുകൂല്യങ്ങളും

അതേപടി സംരക്ഷിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിന്റെ പരിധിക്കുള്ളിൽ നിന്നുതന്നെ ഇതെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളതിനാൽ ഇതിനായി ഒരു പ്രത്യേക നിയമനിർമ്മാണത്തിന് രൂപം കൊടുക്കേണ്ട ആവശ്യമില്ല.

(20) സമ്പൂർണ്ണ വൈദ്യുതീകരണം

ശ്രീ. റോഷി അഗസ്റ്റിൻ: കേരളത്തിന് ആവശ്യമായ വൈദ്യുതി ഉൽപ്പാദനത്തിന്റെ ഏറിയ പങ്കും ലഭ്യമാകുന്ന ഇടുക്കി ജില്ല പൂർണ്ണമായും വൈദ്യുതീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ആർ.ജി.ജി.വി.വൈ. നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇടുക്കി മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന വൈദ്യുതീകരണ നടപടികൾ 30-9-2009-ന് പൂർത്തീകരിക്കാനാണ് ഉദ്ദേശി ക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാകുന്ന മുറയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, തദ്ദേശഭരണ സ്ഥാപ നങ്ങളുടെ വിഹിതം, ഈ തുക തികയാതെ വരുന്ന പ്രദേശങ്ങളിൽ കെ.എസ്. ഇ.ബി. യുടെ ഫണ്ട് ഇതെല്ലാം ഉപയോഗപ്പെടുത്തി സമ്പൂർണ്ണ വൈദ്യുതീ കരണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

(21) ഉണ്ണായിവാര്യർ സ്മാരക കലാനിലയം ജീവനക്കാരുടെ ആനുകൂല്യങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ: ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയം ജീവനക്കാരുടെ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 1955-ൽ ആരംഭിച്ച ഉണ്ണായിവാര്യർ സ്മാരക കലാനിലയത്തിന് 1981-82 വരെ 25,000 രൂപ മാത്ര മാണ് വാർഷിക ഗ്രാന്റായി ലഭിച്ചിരുന്നത്. 1982-ലാണ് ഈ കലാനിലയത്തിലെ അദ്ധ്യാപകർക്ക് പ്രൈമറി സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ ഏർപ്പെടുത്തിയത്. തുടർന്നുള്ള വർഷങ്ങളിൽ വന്ന ശമ്പള വർദ്ധനയനു സരിച്ച് 1999-വരെ ഗ്രാന്റ് പുനർനിർണ്ണയ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കലാനിലയത്തിന് ഗ്രാന്റ് 8 ലക്ഷം രൂപയായി നിജപ്പെടു ത്തി. കലാനിലയം ഭരണ സമിതിയുടെ നിവേദനം പരിഗണിച്ച് 2008-09-ൽ ഈ സർക്കാർ ഗ്രാന്റ് ഇനത്തിൽ 15 ലക്ഷം രൂപ അധികം അനുവദിച്ചിട്ടുണ്ട്. ഈ തുക പദ്ധതിയിനത്തിലായതിനാൽ ശമ്പളം നൽകുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ ഈ തുക കലാനിലയത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉപയോഗിക്കാം. ഈ സാമ്പത്തിക വർഷം 10 ലക്ഷം രൂപ അധികം നൽകി യിട്ടുണ്ട്. ആ തുക ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് ഉപ യോഗപ്പെടുത്താവുന്നതാണ്.

(22) കലാകാരന്മാർക്ക് ക്ഷേമനിധി

ശ്രീ. ബാബു പോൾ: കലാകാരൻമാരുടെ എണ്ണം കൃത്യമായി അറിയു ന്നതിനും പ്രാദേശിക തലത്തിൽ ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനും അവർക്ക് ഒരും സമഗ്ര ക്ഷേമനിധി രൂപീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി ചെയർമാന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കല ജീവിതവൃത്തിയായി സ്വീകരിച്ചിട്ടുള്ളവർക്കും അവരുടെ ആശ്രിതർക്കുമായി ഒരു ക്ഷേമനിധി ആരംഭിക്കുന്നതാണ്.

(23) പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകർക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. കെ. ശിവദാസൻ നായർ: സർക്കാർ സ്കൂളുകളിലും പഞ്ചായത്ത് സ്കൂളുകളിലും അദ്ധ്യാപകരെ നിയമിക്കുന്നത് പി.എസ്.സി. മുഖേനയാണ്. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യ ങ്ങളും പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിനാവ ശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമിതരാകുന്ന പഞ്ചായത്ത് സ്കൂൾ അദ്ധ്യാപകർക്ക് സർക്കാർ സ്കൂൾ അധ്യാപകരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്നത് കണക്കിലെടുത്ത് പഞ്ചായത്ത് സ്കൂളുകൾക്ക് സർക്കാർ സ്കൂളുകളുടെ സ്റ്റാറ്റസ് നൽകണമെന്ന ആവശ്യത്തോട് തദ്ദേശഭരണ വകുപ്പ് അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം ഉണ്ടാകു ന്നതാണ്.

(24) <u>വിധവാ പെൻഷന്റെ വരുമാന പരിധി</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: വളരെ കുറഞ്ഞ വാർഷിക വരുമാന പരിധി നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് അർഹിക്കുന്ന പലർക്കും വിധവാ പെൻഷൻ ലഭിക്കാത്ത സാഹചര്യം കണക്കിലെടുത്ത് അടിയന്തിരമായി പ്രസ്തുത വാർഷിക വരുമാന പരിധി കാലികമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): വിധവാ പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി ഉയർത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(25) <u>വൈകുണ്ഠ സ്വാമിയുടെ പ്രതിമ സ്ഥാപിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. ആർ. സെൽവരാജ്</u>: തിരു-കൊച്ചിയിൽ നിലനിന്നിരുന്ന സാമൂഹ്യ അനാചാരങ്ങൾക്കെതിരെ പോരാടിയ നവോത്ഥാന നായകനായ അയ്യാ വൈകുണ്ഠസ്വാമികളുടെ സ്മാരകമോ പ്രതിമയോ സർക്കാർ ചെലവിൽ തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): അയ്യാ വൈകുണ്ഠ സ്വാമികളുടെ പ്രതിമ തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(26) <u>പൊന്നാനി കോൾ നില വികസനം</u>

<u>ശ്രീ. എ.സി. മൊയ്തീൻ</u> : പൊന്നാനി കോൾ വികസന ഏജൻസിയുടെ പരിധിയിൽ വരുന്ന തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലും പൊന്നാനി കോൾ മേഖലയിലും കൃഷി വികസനത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കാനും ഈ മേഖലയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കോ-ഓർഡിനേഷൻ ഉണ്ടാക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>) : പുന്നയൂർക്കുളം, വടക്കേക്കാട്, കാട്ടകാമ്പൽ, ആൽത്താറ്റ്, പോർക്കുളം, ചൂണ്ടൽ എന്നീ പഞ്ചായത്തുകളും ചാവക്കാട്, കുന്ദംകുളം എന്നീ മുനിസിപ്പാലിറ്റികളുമാണ് പൊന്നാനി കോൾ വികസന ഏജൻസിയുടെ പരിധിയിൽ വരുന്നത്. ഈ മേഖലയുടെ വികസനം ലക്ഷ്യമാക്കി ആയിരം ഏക്കർ കോൾ നിലങ്ങളിൽ ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിന് ഹെക്ടറിന് 1500 രൂപ പ്രകാരം 15 ലക്ഷം രൂപയുടെ നെൽവിത്ത്, കുമ്മായം, സൂക്ഷ്മമൂലക വളങ്ങൾ, ഒറ്റഞാർ കൃഷി എന്നിവയ്ക്കായി 8 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പാക്കുന്നതാണ്. രാഷ്ട്രീയ കൃഷി വികാസ് യോജന, സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി എന്നിവയിൽ ഈ പ്രദേശംകൂടി ഉൾപ്പെടുത്തി കൂടുതൽ സഹായം കർഷകർക്ക് നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. ഈ പ്രദേശത്ത് ഇപ്പോഴുള്ള സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ആഗസ്റ്റ് മാസം ആദ്യം യോഗം ചേരാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ നെൽകൃഷിക്ക് ആവശ്യമായ സഹായമെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(27) ആയുർവേദ ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. സാജു പോൾ: പെരുമ്പാവൂരിലെ ജീർണ്ണാവസ്ഥയിലുള്ള ആയുർവേദ ആശുപത്രി കെട്ടിടം ഐ.എസ്.എം-ന്റെയോ എൻ.ആർ.എച്ച്.എം.-ന്റെയോ സഹായത്തോടെ പുതുക്കിപ്പണിയാൻ സത്വര നടപടി സ്വീകരിക്കണം. ഇപ്പോൾ അവിടെ വിഷ ചികിത്സയ്ക്കുൾപ്പെടെ 4 ഡോക്ടർമാരുടെ സേവനം മാത്രമാണുള്ളത്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വളരെ പഴക്കമുള്ള കെട്ടിടത്തിലാണ് പെരുമ്പാവൂരിലെ ആയുർവേദ ആശുപത്രി പ്രവർത്തിക്കുന്നത്. അതിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടത് മുനിസിപ്പാലിറ്റിയാണെങ്കിലും അത് അസാധ്യമാണെന്നുള്ളതിനാൽ ഒരു പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ധനലഭ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ പ്രത്യേകം പരിഗണിക്കുന്നതാണ്. ആശുപത്രിയിൽ അനുവദിച്ച എല്ലാ തസ്തികകളിലും ഇപ്പോൾ ജീവനക്കാർ ഉണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

**റിപ്പോർട്ട് സമർപ്പണം**

(1) പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിയൊന്ന് മുതൽ നൂറ്റിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) <u>അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് പരിഗണന</u>

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(1) <u>2009-ലെ കേരള ആയുർവേദ സെന്റർ/ടൂറിസ്റ്റ് റിസോർട്ട് മാസിയേഴ്സ് ക്ഷേമനിധി ബിൽ (MASSEURS)</u>

<u>ശ്രീ. ബി. ബാബു പ്രസാദ്</u> : 2009-ലെ കേരള ആയുർവേദ സെന്റർ/ടൂറിസ്റ്റ് റിസോർട്ട് മാസിയേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ശക്തൻ</u> : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>) : ഇത്തരത്തിലുള്ള ഒരു സ്വകാര്യ ബിൽ അവതരിപ്പിച്ചത് സന്തോഷകരമായ കാര്യമാണ്. ആയുർവേദ സെന്റർ/ടൂറിസ്റ്റ് റിസോർട്ട് മാസിയേഴ്സിന് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുകയെന്നത് പ്രായോഗികമല്ല. നിയമസഭ പാസ്സാക്കിയിട്ടുള്ള കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് ക്ഷേമനിധിയുടെ പരിധിയിൽ ഈ വിഭാഗത്തെക്കൂടി ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതുകൊണ്ട് ഇവർക്കു വേണ്ടി ഒരു പ്രത്യേക നിയമത്തിന്റെ ആവശ്യമില്ല. ബിൽ അംഗീകരിക്കുന്നില്ല.

<u>ശ്രീ. ബി. ബാബു പ്രസാദ്:</u> വലിയൊരു വിഭാഗം ആളുകളെ പ്രതിനിധാനം ചെയ്യുന്ന ഒരു സമൂഹത്തിന്റെ പ്രശ്നമെന്ന നിലയിലാണ് ഈ

ബിൽ അവതരിപ്പിച്ചത്. പരിപാവനവും വിശുദ്ധവുമായ ആയുർവേദ ചികിത്സാ ശാഖ ഇന്ന് കേരളത്തിൽ പ്രചാരം നേടിയിരിക്കുകയാണ്. തദ്ദേശീയരും വിദേശീയരും ഈ ചികിത്സാരീതിയെ ആശ്രയിക്കുന്നു. വിദേശീയരെ ഈ ചികിത്സാരീതിയുടെ ഗുണഭോക്താക്കളായി മാറ്റാനുള്ള പരിശ്രമങ്ങൾ നടത്തി ഹെൽത്ത് ടൂറിസം ഏറ്റെടുത്തതിലൂടെ ഈ മേഖലയിലെ വരുമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റിന് സാധിച്ചു. പരമ്പരാഗത ആയുർവേദ കേന്ദ്രങ്ങളിലെ ജീവനക്കാർ മാത്രമല്ല പ്രധാനപ്പെട്ട റിസോർട്ടുകളിൽ ജോലി ചെയ്യുന്നവരും ഇതിന്റെ പരിധിയിൽ വരും.

(ചർച്ച തുടരും)

(2) 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ
(3) 2009-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2009-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിന്റെയും 2009-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിന്റെയും അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഇതുസംബന്ധിച്ച് ഗവൺമെന്റ് ഒരു നിയമ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലുള്ള സീറ്റുകൾ വ്യാജ സർട്ടിഫിക്കറ്റ് നൽകി കൈക്കലാക്കുന്നത് കണ്ടെത്തിയാൽ അവരുടെ അംഗത്വം റദ്ദാക്കാനുള്ള അധികാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നൽകണം. ഗവൺമെന്റ്

ഇതിലേയ്ക്കായി ഒരു നിയമഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതുകൊണ്ട് ഈ രണ്ട് ബില്ലുകളുടെയും അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു)

(4) 2009-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2009-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഉമ്മൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള കാര്യങ്ങൾ പരിശോധിക്കുന്ന ഘട്ടത്തിൽ ഇക്കാര്യം പരിഗണനയ്ക്കെടുക്കുന്നതും ആവശ്യമായ മാറ്റം വരുത്തുന്നതുമാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഗവൺമെന്റ് ഇതിനോട് അനുകൂലമായ നയം പ്രഖ്യാപിച്ചെങ്കിലും ബിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് പറഞ്ഞില്ല. ഭരണഘടനാ ഭേദഗതി 73, 74 എന്നിവയുടെ പ്രധാന ഉദ്ദേശം അധികാരവികേന്ദ്രീകരണവും ആസൂത്രണ വികേന്ദ്രീകരണവുമാണ്. അതുകൊണ്ടാണ് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുണ്ടാക്കാൻ ഭരണഘടനാ ഭേദഗതിയിൽ പറയുന്നത്. ആസൂത്രണ രംഗത്ത് കേരളത്തിൽ നടപ്പാക്കിയ വികേന്ദ്രീകരണം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. സംസ്ഥാന പ്ലാനിംഗ് ബോർഡിന് ഭരണഘടനാപരമായ പിൻബലമില്ല. ഭരണഘടനാ പിൻബലമുള്ള ഒരു സ്ഥാപനമാണ് ജില്ലാ പ്ലാനിംഗ് കമ്മിറ്റി. ജനങ്ങളുടെയോ ജനപ്രതിനിധികളുടെയോ ഇച്ഛാശക്തിക്കനുസരിച്ചല്ലാതെ ബ്യൂറോക്രസി

കൊടുക്കുന്ന രീതിയിൽ സംസ്ഥാന പ്ലാൻ തയ്യാറാക്കുന്നതിനാൽ പ്ലാനിംഗ് ശരിയായ വിധത്തിലല്ല പോകുന്നത്. ജില്ലാ പ്ലാൻ തയ്യാറാക്കി അതിനനുസരിച്ചായിരിക്കണം സംസ്ഥാന പ്ലാൻ തയ്യാറാക്കേണ്ടത്.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ജില്ലാ പ്ലാനുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാ തലങ്ങളിലുള്ള ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായങ്ങൾ പരിഗണിച്ച് പ്ലാൻ തയ്യാറാക്കണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടിക്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഇക്കാര്യങ്ങളെല്ലാം പരിഗണിക്കപ്പെടുമെന്നുള്ള ഉറപ്പ് നൽകുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഭരണഘടനയിൽ പറഞ്ഞതുപോലെ ജില്ലാ പ്ലാൻ തയ്യാറാക്കാനുള്ള വ്യവസ്ഥ ആക്ടിൽ കൊണ്ടുവരണം. അതൊരു നിർബന്ധിത ചുമതലയായിരിക്കണം.

(ചർച്ച തുടരും)

(5) 2009-ലെ കേരള വയോജന കമ്മീഷൻ ബിൽ

ശ്രീ. എം. മുരളി: 2009-ലെ കേരള വയോജന കമ്മീഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): വൃദ്ധജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് മെയിന്റനൻസ് ആന്റ് വെൽഫയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട് 2007 സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ട്. ആ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഈ

ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മെയിന്റനൻസ് ഓഫീസർമാർ, മെയിന്റനൻസ് ട്രൈബ്യൂണലുകൾ, അപ്പലേറ്റ് ട്രൈബ്യൂണലുകൾ എന്നിവരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ബില്ലിന് പ്രസക്തിയില്ല.

ശ്രീ. എം. മുരളി: 2007-ലെ കേന്ദ്ര നിയമം നടപ്പിലാക്കാൻ 2008 സെപ്റ്റംബർ 24-ന് കേരള സർക്കാർ തീരുമാനിച്ചുവെങ്കിലും ചട്ടങ്ങളുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചില്ല. സർക്കാരിന്റെ വയോജന നയത്തിൽ പ്രഖ്യാപിച്ച വയോജന കൗൺസിൽ ഒരു പ്രാവശ്യം മാത്രമാണ് യോഗം കൂടിയത്. ഒന്നോ അതിൽ കൂടുതലോ അംഗങ്ങളുള്ള ജുഡീഷ്യൽ അധികാരമുള്ള സബ് ഡിവിഷണൽ ഓഫീസേഴ്സ് തലത്തിലുള്ള ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ജില്ലാ തലത്തിലുള്ള ട്രൈബ്യൂണലുകളുടെ മുകളിൽ ഒരു വയോജന കമ്മീഷൻ രൂപീകരിക്കണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം. ശാരീരികമായും മാനസികമായും സാമ്പത്തികമായും അവശത അനുഭവിക്കുന്ന 40 ലക്ഷത്തോളം വൃദ്ധജനങ്ങൾ സംസ്ഥാനത്തുണ്ട്. ഇവരുടെ സംരക്ഷണത്തിന് നിലവിലുള്ള നടപടികളൊന്നും ഫലപ്രദമല്ല. വൃദ്ധജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും അവരുടെ അവകാശങ്ങൾക്ക് സംരക്ഷണം നൽകി പൗരാവകാശം സംരക്ഷിക്കുന്നതിനും വയോജന കമ്മീഷൻ രൂപീകരിക്കണം. വയോജന നയം നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്താനുള്ള അവസരം വയോജന കമ്മീഷന് നൽകണം.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്റികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2007-ലെ കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വയോജനങ്ങൾക്കായുള്ള സംസ്ഥാന/ജില്ലാതല കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സംസ്ഥാന വയോജന കൗൺസിൽ അംഗങ്ങളുടെ സബ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള നിയമനടപടികൾ ആരംഭിക്കുകയും 24-09-08 മുതൽ അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ മെയിന്റനൻസ് ഓഫീസർമാരെ നിയമിക്കേണ്ടതുണ്ട്. അതുപ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രൈബ്യൂണലുകളായും ജില്ലാ കളക്ടർമാരെ അപ്പലേറ്റ് ട്രൈബ്യൂണലുകളായും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായും നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചട്ടങ്ങളുടെ കരട് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. മുരളി: നമ്മുടെ വയോജനങ്ങളിൽ ഭൂരിഭാഗവും വിധവകളും ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവരുമാണ്. വയോജന കമ്മീഷൻ രൂപീകരിച്ചാൽ ഇവരുടെ സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്താൻ കഴിയും.

(ചർച്ച തുടരും)

## ബില്ലുകളുടെ അവതരണാനുമതിക്കുളള പ്രമേയങ്ങളുടെ തുടർചർച്ച

(1) 2007-ലെ കേരള സംസ്ഥാന നിധികൾ സംരക്ഷണ ബിൽ

(ശ്രീ. സാജു പോൾ നോട്ടീസ് നൽകിയത്)

(ചർച്ച തുടർച്ച)

ശ്രീ. സാജു പോൾ: നിലവിലുളള നിയമങ്ങളിൽ അനധികൃതമായി സമ്പാദിക്കുന്ന സ്വത്ത് കണ്ടുകെട്ടാനുളള സംവിധാനമില്ല. അനധികൃതമായി സ്വത്ത് ആർജ്ജിച്ചാൽ അത് സർക്കാരിലേയ്ക്ക് എടുക്കുമെന്നുളള സാഹചര്യമുണ്ടായാൽ ആരുംതന്നെ അഴിമതി നടത്താൻ തയ്യാറാവുകയില്ല. അതുകൊണ്ട് അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നവർക്കെതിരെ ശക്തമായ നടപടിയെടുക്കാൻ കഴിയണം. ആഗോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ അനധികൃതമായി സ്വത്ത് സമ്പാദിക്കുന്നവർക്ക് അത് ഷെയർ മാർക്കറ്റുകളിലും റിയൽ എസ്റ്റേറ്റിലും മറ്റും നിക്ഷേപിക്കുന്നതിനുളള സൗകര്യങ്ങൾ കൂടുതലാണ്. സ്വത്തുക്കൾ അനധികൃതമായി കവർന്നെടുക്കുന്നവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരികയും ഇതിനെതിരെ ജനങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തുകയും വേണം. ഈ ബിൽ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ മാനിക്കുന്നു. അനധികൃത സ്വത്ത് സമ്പാദ്യത്തെ ഒരു സാമൂഹ്യ പ്രശ്നമായി കാണുകയും ഇതിനെതിരെ ഒരു നിയമം കൊണ്ടുവരണ മെന്നുളളതുതന്നെയാണ് സർക്കാരിന്റെ നിലപാട്. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ ഇത് 1882-ലെ വസ്തു

കൈമാറ്റ ആക്ട്, 1944-ലെ ക്രിമിനൽ ലാ അമെന്റ്മെന്റ് ആക്ട് എന്നീ കേന്ദ്ര നിയമങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നാണ് കണ്ടിട്ടുള്ളത്. ഈ ബിൽ നിലനിൽക്കണമെങ്കിൽ ഭരണഘടനയനുസരിച്ച് കേന്ദ്രഗവൺമെന്റിന്റെ അനുമതി വാങ്ങണം. അതുകൊണ്ട് ഈ ബിൽ അംഗീകരിക്കാൻ കഴിയുകയില്ല.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു)

(2) 2007-ലെ ആന പരിപാലന തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. ബാബു പോൾ നോട്ടീസ് നൽകിയത്)

(ചർച്ച തുടർച്ച)

ശ്രീ. ബാബു പോൾ: വനം വകുപ്പിന്റേയും ദേവസ്വം ബോർഡിന്റേയും സ്വകാര്യ വ്യക്തികളുടേയും കീഴിൽ പണിയെടുക്കുന്ന ആന പരിപാലന തൊഴിലാളികൾക്ക് യാതൊരു നിയമ പരിരക്ഷയുമില്ല. പൂരങ്ങളിൽ നിന്നും ക്ഷേത്രാചാരങ്ങളിൽ നിന്നും ആനകളെ ഒഴിവാക്കാൻ കഴിയുകയില്ല. വനം വകുപ്പ് നാട്ടാന പരിപാലന ചട്ടം നടപ്പാക്കുകയും അത് കർശനമായി പാലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ആന പരിപാലന തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡുകളും ആനകൾക്ക് ആർ.സി ബുക്കും നൽകുന്നതിന് വനം വകുപ്പ് തീരുമാനമെടുത്തിട്ടുണ്ട്. ആനകളെ ഇൻഷ്വർ ചെയ്യിക്കുകയും ആനകളുടെ ആക്രമണത്തിന് വിധേയരാകുന്ന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് ആനകളെ ഇൻഷ്വർ ചെയ്യുമ്പോൾ ആന പാപ്പാൻമാരേയും ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും മരണപ്പെടുന്നവർക്ക് രണ്ടര ലക്ഷം രൂപയുടെ ആനുകൂല്യം നൽകണമെന്നും തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആനകളുടെ ഉടമകൾ ആരും ഇത് പാലിക്കുന്നില്ല. ഈ തൊഴിലാളികളുടെ തൊഴിൽ സ്ഥിരതയും ക്ഷേമവും

ഉറപ്പുവരുത്താനും അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും വിവാഹത്തിനും ധനസഹായം നൽകുന്നതിനുമുള്ള ഒരു ക്ഷേമനിധി രൂപീകരിക്കണം. അല്ലെങ്കിൽ നിലവിലുള്ള മറ്റേതെങ്കിലും ക്ഷേമനിധിയുടെ പരിധിയിൽ ആന പാപ്പാന്മാരെക്കൂടി ഉൾപ്പെടുത്തി അവരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ആന പരിപാലന തൊഴിലാളികൾക്ക് ജോലി സ്ഥിരതയുടേയും സുരക്ഷിതത്വത്തിന്റേയും പ്രശ്നമുണ്ടെങ്കിലും അവർക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി രൂപീകരിക്കണമെന്നുള്ളത് പ്രായോഗികമല്ല. ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാവർക്കും അറുപത് വയസ്സ് കഴിയുമ്പോൾ പെൻഷൻ നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇവർക്കും പെൻഷൻ നൽകുമെന്ന് ഉറപ്പ് നൽകുകയാണ്. ഒരു ക്ഷേമനിധിയിലും ഉൾപ്പെടാത്തവരെ ഏതെങ്കിലും ക്ഷേമനിധിയിൽ ഉൾപ്പെടുത്തി സാമൂഹ്യ സുരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആന പരിപാലന തൊഴിലാളികൾക്ക് ഒരു പ്രത്യേക മിനിമം വേജസ് നിശ്ചയിക്കുന്നതു സംബന്ധിച്ച് നിർദ്ദേശം വന്നാൽ അത് പരിഗണിക്കാവുന്നതാണ്. ഈ ബിൽ അംഗീകരിക്കാൻ കഴിയുകയില്ല.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു